# മാലാഖയായി ബാപ്ദാദയുടെ കുടത്തണലിന്റെയും സ്നേഹത്തിന്റെയും അനുഭൂതി ചെയ്യൂ

ഇന്ന് വിശ്വത്തെ രത്നസമാനം പ്രകാശിപ്പിക്കുന്ന, പ്രകൃതിയെയും രത്നം പോലെ പ്രകാശിപ്പിക്കുന്ന, വിശ്വത്തിലെ ആത്മാക്കളിലും നിന്ന് തന്റെ നേരിട്ടുള്ള കുട്ടികളെ രത്നമാക്കുന്ന ഒപ്പമൊപ്പം പുതുവർഷ ത്തിന്റെ കൂടെ നവയുഗം, പുതിയ വിശ്വം സ്ഥാപിക്കുന്ന ബാബ രത്നമാകുന്ന കുട്ടികളെ കാണുകയാണ്. സാകാരരൂപത്തിലും ബാപ്ദാദയ്ക്കു മുന്നിൽ എത്ര രത്നങ്ങൾ തിളങ്ങിക്കൊണ്ടിരുന്നു, വിശ്വത്തിന്റെ കോണുകോണുകളിലും നാനാഭാഗത്തും തിളങ്ങിക്കൊണ്ടിരുന്ന രത്നങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. എല്ലാ ആത്മാക്കളുടെയും മസ്തകത്തിൽ തിളങ്ങുന്ന രത്നങ്ങൾ എത്ര നല്ലതായി തോന്നുന്നു! മുന്നിൽ നിന്ന് തിളങ്ങുന്ന ആത്മാരത്നത്തെയും ഇത്രയും സംഘടിതരൂപത്തിൽ നാനാഭാഗത്തും രത്നം തന്നെ രത്നം കാണപ്പെടുന്ന ദൃശ്യം എത്ര പ്രിയപ്പെട്ടതായി തോന്നുന്നു! അപ്പോൾ ഈ സംഘടന ആരുടേതാണ്? രത്ന ങ്ങളുടേതല്ലേ? യഥാക്രമമാണെങ്കിലും തിളങ്ങിക്കൊണ്ടിരിക്കുന്നു. തിളങ്ങുന്ന രത്നങ്ങളുടെ സഭ ബാബയ്ക്കു മുന്നിലുണ്ട്. താങ്കളും എന്താണ് കണ്ടുകൊണ്ടിരിക്കുന്നത്? രത്നത്തെ കാണുകയല്ലേ അതോ ശരീരത്തെ കാണുകയാണോ? 63 ജന്മം ശരീരത്തെ തന്നെ കണ്ടുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ ശരീരത്തിൽ പ്രകാശിക്കുന്ന രത്നം കാണപ്പെടുന്നുണ്ടോ അതോ മറഞ്ഞിരിക്കുകയാണോ, അതുകൊണ്ട് ഇടയ്ക്ക് കാണുകയും ഇടയ്ക്ക് മറയുകയും ചെയ്യുന്നുണ്ടോ?

ഡയമണ്ട് ജൂബിലിയാണ്, അപ്പോൾ ജൂബിലിക്ക് എന്താണുണ്ടാവുക? എന്താണ് അലങ്കരിക്കുന്നത്? ഇന്ന ത്തെക്കാലത്ത് വിവിധ ലൈറ്റുകളുടെ അലങ്കാരം കൂടുതലുണ്ടാകുന്നു. താങ്കളും വൃക്ഷത്തിൽ അവിടെ യിവിടെ ലൈറ്റ് തൂക്കുന്നില്ലേ. അവർ ഒരു ദിവസത്തേക്ക് ജൂബിലി ആഘോഷിക്കും അല്ലെങ്കിൽ ക്രിസ്മസ് ആഘോഷിക്കും അല്ലെങ്കിൽ എന്തെങ്കിലും ഉത്സവം ആഘോഷിക്കും എന്നാൽ താങ്കൾ എന്ത് ആഘോ ഷിക്കുന്നു? ഡയമണ്ട് ദിവസം എന്നു പറയുന്നുവോ അതോ ഡയമണ്ട് വർഷം എന്നു പറയുന്നുവോ? (ഡയമണ്ട് വർഷം) ഡയമണ്ട് വർഷം ആഘോഷിക്കുകയാണോ, പക്കാ? ഡയമണ്ട് വർഷമാചരി ക്കണം-അഥവാ ഇതാണ് എല്ലാവരുടെയും ദൃഢസങ്കൽപമെങ്കിൽ താങ്കളുടെ വായിൽ ഗുലാബ്ജാമുൻ ആകട്ടെ. അപ്പോൾ ആചരിക്കുക അർഥം ആയിത്തീരുക. അപ്പോൾ മുഴുവൻ വർഷവും ഡയമണ്ട് ആയി രിക്കുമോ അതോ കുറേശ്ശെ കറ പിടിക്കുമോ? ബാപ്ദാദ കുട്ടികളുടെ ഉണർവുത്സാഹം കണ്ട് കോടി മടങ്ങ് ഡബിൾ ആശംസയേകുന്നു. ഇന്ന് ഡബിൾ അല്ലേ, ഒന്ന് പുതിയ വർഷം മറ്റൊന്ന് ഡയമണ്ട് ജൂബി ലി- രണ്ടിന്റെയും കൂടിച്ചേരലാണ്. അപ്പോൾ ഡയമണ്ട് വർഷത്തിൽ ബാപ്ദാദ ഇതേ വിശേഷത കാണാ നാഗ്രഹിക്കുന്നു- ഓരോ കുട്ടിക്കും എപ്പോൾ നോക്കിയാലും എന്തു നോക്കിയാലും ഡയമണ്ട് തന്നെ കാണപ്പെടണം. മണ്ണിൽ പെട്ട ഡയമണ്ടല്ല, തിളങ്ങുന്ന ഡയമണ്ട്. അപ്പോൾ മുഴുവൻ വർഷത്തേക്ക് ഇങ്ങ നെയുള്ള ഡയമണ്ടായോ? എന്തെന്നാൽ സങ്കൽപം ഇന്ന് ചെയ്യണമല്ലോ- ഡയമണ്ടാകുകയും ചെയ്യും, ഡയമണ്ട് കാണുകയും ചെയ്യും. ആ മറ്റുള്ള ആത്മാവ് കരിങ്കുയിലായാലും ശരി, തീർത്തും തമോഗുണീ ആത്മാവാകട്ടെ എന്നാൽ താങ്കൾ എന്തു കാണും? കുയിലിനെ കാണുമോ രത്നത്തെയോ? രത്നത്തെ കാണും. നല്ലത്. അപ്പോൾ താങ്കളുടെ ദൃഷ്ടി പതിയുന്നതിലൂടെ അവരുടെയും കറുപ്പ് കുറഞ്ഞോളും. ഡയമണ്ട് ജൂബിലിയിൽ ഇതേ സേവനം ചെയ്യണമല്ലോ? അമൃതവേള മുതൽ രാത്രി വരെ എത്ര പേരുടെ സംബന്ധ സമ്പർക്കത്തിൽ വന്നാലും ഡയമണ്ടായി ഡയമണ്ട് കാണണം. ഇത് പക്കയാക്കിയോ അതോ ഡയമണ്ട് ജൂബിലി ആഘോഷിക്കാൻ ഓരോ സ്ഥലത്തും രണ്ടു മൂന്നു പരിപാടി വെച്ചു, ഡയമണ്ട് ജൂബിലി കഴിഞ്ഞു എന്നാണോ? പരിപാടി വെക്കൂ, ക്ഷണിക്കൂ, ഉണർത്തൂ, ഇത് ചെയ്യുക തന്നെ വേണം, ചെയ്തു കൊണ്ടുമിരിക്കുന്നുണ്ട്. എന്നാൽ വെറും പരിപാടി മാത്രം വെക്കരുത്, ഈ ഡയമണ്ട് ജൂബിലിയിൽ ഡയ മണ്ട് ആയി ഡയമണ്ട് കാണണം, ഡയമണ്ട് ആക്കണം, ഇത് എന്നത്തെയും പരിപാടിയാണ്. അപ്പോൾ എന്നും പരിപാടി നടത്തുമോ അതോ രണ്ടോ നാലോ ദിവസം സപ്താഹം നടത്തുമോ?

ഈ വർഷത്തിൽ ബാപ്ദാദയ്ക്ക് വിശേഷിച്ച് ഇതാണ് എല്ലാ കുട്ടികളെയും പ്രതി ശുഭആശ എന്നു പറയാം ശ്രേഷ്ഠ ശ്രീമതം എന്നു പറയാം ഡയമണ്ടല്ലാതെ മറ്റൊന്നും ആകേണ്ട. എന്തു തന്നെ സംഭവിച്ചാലും ഡയമണ്ടിൽ കറ പതിയരുത്. അഥവാ ഏതെങ്കിലും വിഘ്നത്തിന് വശപ്പെട്ടാൽ അല്ലെങ്കിൽ സ്വഭാവത്തിന് വശപ്പെട്ടാൽ അപ്പോൾ കറ പതിഞ്ഞു. വിഘ്നം വരിക തന്നെ വേണമല്ലോ! വിഘ്ന വിനാശക ടൈറ്റിൽ ഉണ്ടെങ്കിൽ വിഘ്നം വരുമ്പോൾ വിനാശം ഉണ്ടാകില്ലേ? അഥവാ ഏതെങ്കിലും വിജയി പറയുകയാണ് ശത്രു വന്നില്ല എന്നാൽ ഞാൻ വിജയിയാണ്, എങ്കിൽ ആരെങ്കിലും അംഗീകരിക്കുമോ? അപ്പോൾ വിഘ്നം വരും, പ്രകൃതിയുടേതായാലും, ആത്മാക്കളുടേതായാലും, അനേക പ്രകാരത്തിലെ പരിതസ്ഥിതികളുടെ വിഘ്നം വന്നാലും പക്ഷേ താങ്കൾ ഡയമണ്ട് ഇങ്ങനെ ശക്തിശാലിയാണ്, കറയുടെ പ്രഭാവമുണ്ടാകു

ന്നില്ല. ഇത് സാധിക്കുമോ?
ഈ ഡയമണ്ട് ജൂബിലി വർഷം മഹാവർഷമാണ്. ഏതെങ്കിലും വിശേഷ മാസം ആചരിക്കുന്നതു പോലെ, ഈ ഡയമണ്ട് ജൂബിലി വർഷം മഹാ വർഷമാണ്. ബാപ്ദാദ ഈ വർഷത്തിൽ എല്ലാവരെയും നടക്കുമ്പോഴും കറങ്ങുമ്പോഴും മാലാഖയായി കാണുവാനാഗ്രഹിക്കുന്നു. പലരും പറയുന്നു ആത്മാവിനെ നോക്കുവാൻ പരിശ്രമിക്കുന്നുണ്ട്, എന്നാൽ ആത്മാവ് വളരെ ചെറിയ ബിന്ദുവല്ലേ അപ്പോൾ ശരീരം കാണപ്പെടുന്നു. അപ്പോൾ ബാപ്ദാദ പറയുന്നു ശരി ബിന്ദു മറഞ്ഞുപോകുന്നു, എന്നാൽ മാലാഖാസ്വരൂപം ഇത്ര നീണ്ട വലിയ ശരീരമല്ലേ, അതു ബിന്ദുവല്ലല്ലോ! മാലാഖ എന്നാൽ പ്രകാശത്തിന്റെ ആകാരം. അപ്പോൾ മാലാഖാരൂപത്തിൽ സ്ഥിതി ചെയ്ത് ഓരോ കർമവും ചെയ്യൂ. ഇങ്ങനെയില്ല, മാലാഖാരൂപത്തിൽ കർമം ചെയ്യാനാവില്ല. ചെയ്യാനാവുമോ അതോ സാകാരം വേണമോ? എന്തെന്നാൽ സാകാരശരീരത്തോട് വളരെ ജന്മത്തെ സ്നേഹമാണ്. അപ്പോൾ മറക്കാനാഗ്രഹിക്കുന്നുണ്ട്, എന്നാൽ മറക്കാനാവുന്നില്ല. അപ്പോൾ ബാബ പറയുന്നു– ശരി താങ്കൾക്ക് ശരീരത്തെ തന്നെ കാണുന്നതിന്റെ ശീലമായിപ്പോയി എങ്കിൽ സാരമില്ല, ഇപ്പോൾ പ്രകാശത്തിന്റെ ശരീരം നോക്കൂ. ശരീരം തന്നെ വേണമെങ്കിൽ മാലാഖ ശരീരധാരിയാണ്. അപ്പോൾ താങ്കളെല്ലാം പറയുന്നുമുണ്ട്– ശിവബാബയോടും ബ്രഹ്മാബാബയോടും വളരെ സ്നേഹമാണ്. സ്നേഹത്തിന്റെ അർഥമാണ് സമാനമാകുക. ബ്രഹ്മാബാബ മാലാഖാരൂപമായതു പോലെ ഇങ്ങനെ ബ്രഹ്മാബാബയെപ്പോലെ മാലാഖാസ്വരൂപത്തിൽ സ്ഥിതി ചെയ്ത് ഓരോ കർമവും ചെയ്യൂ എന്തെന്നാൽ ഡയമണ്ട് ജൂബിലി ആചരിക്കുമ്പോൾ, സ്ഥാപനയുടെ 60 വർഷം സമ്പന്നമായിരിക്കവേ വിശ്ഷസ്ഥാപനയുടെ നിമിത്തം ശിവബാബയാണ്, എന്നാൽ നിമിത്തം ബ്രഹ്മാബാബയായി. താങ്കളും സ്വയം ശിവകുമാരൻ, ശിവകുമാരി എന്നു പറയുന്നില്ലല്ലോ. ബ്രഹ്മാകുമാരൻ, ബ്രഹ്മാകുമാരി എന്നു പറയുന്നു. അപ്പോൾ ബ്രഹ്മാബാബയുടെ സ്ഥാപനയുടെ കാര്യത്തിന്റെ ജൂബിലി ആഘോഷിക്കുകയാണ്. അപ്പോൾ ആരുടെ ജൂബിലി ആഘോഷിക്കുന്നുവോ അവർക്ക് എന്തു നൽകും? (സമ്മാനം) അപ്പോൾ താങ്കളെല്ലാവരും സമ്മാനം നൽകില്ലേ? അതോ ഈ റോസാപുഷ്പം കൊണ്ട് തരുമോ സമ്മാനം എന്നു പറഞ്ഞ്. ചിലർ ആനയെ കൊണ്ട് വരും, ചിലർ കുതിരയെ കൊണ്ട് വരും. ഈ സമ്മാനമാണ് മനോരഞ്ജനം. ഈ മനോരഞ്ജനവും നല്ലതാണ്. എല്ലാവരും കണ്ടിട്ട് സന്തോഷിക്കുന്നു. ഇന്ന് കുതിര നൃത്തം ചെയ്യുന്നു, ഇന്ന് ഏതെങ്കിലും മനുഷ്യർ നൃത്തം ചെയ്യുന്നു, കളിപ്പാട്ടം കണ്ട് സന്തോഷിക്കുന്നു. അതു കൊണ്ടുവന്നാലും ബ്രഹ്മാബാബയ്ക്ക് ഹൃദയത്തിനിഷ്ടപ്പെട്ട സമ്മാനം ഏതു നൽകും? നോക്കൂ, ആർക്കെങ്കിലും സമ്മാനം നൽകുമ്പോൾ നോക്കാറുണ്ട് ഇവർക്ക് എന്താണിഷ്ടം? നോക്കും ഇത് ഇഷ്ടപ്പെടുമോ ഇല്ലയോ? അപ്പോൾ ബ്രഹ്മാബാബയ്ക്ക് എന്താണ് പ്രിയം? ഏതു സമ്മാനം അദ്ദേഹത്തിന് നല്ലതായി തോന്നും? ബാബയ്ക്ക് ഹൃദയത്തിനിഷ്ടപ്പെട്ട സമ്മാനമാണ് നടക്കുമ്പോഴും കറങ്ങുമ്പോഴും മാലാഖാസ്വരൂപം. അപ്പോൾ മാലാഖയ്ക്കു സമാനമാകൂ. മാലാഖാരൂപത്തിൽ ഒരു വിഘ്നവും താങ്കളിൽ പ്രഭാവമുണ്ടാക്കുകയില്ല. താങ്കളുടെ സങ്കൽപം, വിചാരം, ദൃഷ്ടി എല്ലാം ഡബിൾ ലൈറ്റാകും. അപ്പോൾ സമ്മാനം നൽകുവാൻ തയ്യാറല്ലേ(അതെ ജി) നോക്കണം താങ്കളുടെ ടേപ്പ് റെക്കോർഡ് ആകുകയാണ്. നല്ല കാര്യമാണ് സ്വർണിമ ലോകത്തെ കൊണ്ടു വരാനായി മാലാഖയാകുക, അപ്പോൾ രത്നം തിളങ്ങുന്നതു പോലെ താങ്കളുടെ മാലാഖാരൂപം തിളങ്ങും. ഈ അഭ്യാസം നല്ല രീതിയിൽ ചെയ്തുകൊണ്ടിരിക്കൂ.
അമൃതവേളയിൽ എണീറ്റ് സ്മൃതിയിൽ കൊണ്ടുവരു– ഞാൻ ആരാണ്? മാലാഖയാണ്. സങ്കൽപം ചെയ്യുന്നുണ്ട്, ആഗ്രഹിക്കുന്നുമുണ്ട്, എന്നാലും തന്റെ റിസൽറ്റ് നോക്കുമ്പോൾ അല്ലെങ്കിൽ എഴുതിനോക്കുമ്പോൾ ഭൂരിപക്ഷവും പറയുന്നു എത്രത്തോളം വേണമയിരുന്നോ അത്രയും ഉണ്ടായില്ല. 50 ശതമാനം ഉണ്ടായി, 60 ശതമാനം ഉണ്ടായി. അപ്പോൾ ഡയമണ്ട് ജൂബിലിക്കും ഇങ്ങനെ ശതമാനത്തിലായിരിക്കുമോ അതോ മുഴുവനും ഉണ്ടാകുമോ? എന്താകും? ഡബിൾ വിദേശികൾ പറയൂ ശതമാനമാകുമോ? അതോയോ അല്ലയോ? കുറേശ്ശെക്കുറേശ്ശെ അനുവദിക്കുമോ! ശക്തികളിൽ ശതമാനമാകുമോ? അതെ എന്ന് ഉണർവോടെ പറയുന്നില്ല, ആലോചിച്ച് പറയുന്നു. ഡബിൾവിദേശികൾ അഥവാ ശതമാനമല്ലാതെ ഫുൾപാസാകുകയാണെങ്കിൽ ബ്രഹ്മാബാബ അറിയാമോ എന്തു ചെയ്യുമെന്ന്? (സബാഷ് പറയും) വെറും സബാഷ് നൽകുമോ! വേറെന്തു ചെയ്യും? എന്നും അമൃതവേളയ്ക്ക് താങ്കളെ കൈകളിൽ ചേർക്കും. താങ്കൾക്ക് അനുഭവിക്കാനാകും ബ്രഹ്മാബാബയുടെ കൈകളിൽ അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാലിലാടുകയാണ്. വലിയ വലിയ അനുഗ്രഹങ്ങൾ ലഭിക്കും. അപ്പോൾ അമൃതവേളയ്ക്ക് അനുഗ്രഹങ്ങൾ ലഭിക്കും ബാക്കി മുഴുവൻ ദിവസം എന്തു ലഭിക്കും? ചിത്രങ്ങളിൽ കാണിക്കാറുള്ളതുപോലെ കൊടുങ്കാറ്റ് വരുമ്പോൾ, വെള്ളം കയറുമ്പോൾ സർപ്പം ഛത്രഛായയായി. അവർ ശ്രീകൃഷ്ണന്റെ സ്ഥൂലകാര്യമായി കാണിച്ചു എന്നാൽ വാസ്തവത്തിൽ ഇത് ആത്മീയ കാര്യമാണ്. അപ്പോൾ ആര് മാലാഖയാകുമോ അവർക്കു മുന്നിൽ അഥവാ ഏതെങ്കിലും പരിതസ്ഥിതി വന്നാലും ഏതെങ്കിലും വിഘ്നം വന്നാലും ബാബ സ്വയം താങ്കളുടെ ഛത്രഛായയാകും. ചെയ്തുനോക്കൂ എന്തെന്നാൽ ഇങ്ങനെ ബാപ്ദാദ വെറുതെ പറയാറില്ല. ശരി
ഏതു കുട്ടികൾക്കാണ് ഡയമണ്ട് ജൂബിലി അവർ കൈ ഉയർത്തൂ. ഇപ്പോൾ ഡയമണ്ട് ജൂബിലിക്കാരോട്

ബാപ്ദാദ സംസാരിക്കുന്നു, താങ്കളെല്ലാം 14 വർഷം യോഗതപസ്യ ചെയ്തപ്പോൾ എത്ര വിഘ്നം വന്നു എന്നാൽ താങ്കൾക്ക് എന്തെങ്കിലും സംഭവിച്ചോ? അപ്പോൾ ബാപ്ദാദ ഛത്രഛായയായില്ലേ, എത്ര വലിയ വലിയ കാര്യങ്ങളുണ്ടായി. മുഴുവൻ ലോകം, സമുദായം, നേതാക്കൾ,ഗുരുക്കന്മാർ എല്ലാം എതിരായി, ഒരു ബ്രഹ്മാകുമാരിമാർ ഇളകാതെയിരുന്നു, പ്രായോഗികമായി ബെഗ്ഗറി ജീവിതവും കണ്ടു, തപസ്യയുടെ സമയത്ത് ഭിന്ന ഭിന്ന വിഘ്നവും കണ്ടു. തോക്കുകളും വന്നു, വാളുകളും വന്നു, എല്ലാം വന്നു എന്നാൽ ഛത്രഛായയുണ്ടായില്ലേ. എന്തെങ്കിലും ദോഷം സംഭവിച്ചോ? പാക്കിസ്ഥാൻ ഉണ്ടായപ്പോൾ ആൾക്കാർ കലാപത്തിൽ ഭയന്ന് എല്ലാം വിട്ട് ഓടി. താങ്കളുടെ ടെന്നിസ് കോർട്ട് സാധനങ്ങളാൽ നിറഞ്ഞു, എന്തെന്നാൽ നല്ല സാധനങ്ങളായിട്ടുള്ളവ എങ്ങനെ ഉപേക്ഷിക്കും അവയോട് പ്രിയമുണ്ടാകുമല്ലോ അതിനാൽ ആ സമയത്ത് എതിരായിരുന്ന സിന്ധികൾ അവർ നിന്ദിക്കുകയും ചെയ്തിരുന്നു സാധനങ്ങൾ നൽകുകയും ചെയ്തു. നിറയെ നിറയെ സാധനങ്ങൾ കൈകൂപ്പി നൽകിയിട്ടു പോയി– താങ്കൾ തന്നെ ഉപയോഗിച്ചോളൂ. അപ്പോൾ ലോകർക്ക് കലാപമായിരുന്നു, ബ്രഹ്മാകുമാരിമാർക്ക് അഞ്ചു രൂപയ്ക്ക് കാളവണ്ടി മുഴുവൻ പച്ചക്കറികളും. അഞ്ചു രൂപയ്ക്ക് പച്ചക്കറികൾ. താങ്കൾ എത്ര ആനന്ദത്തോടെ പച്ചക്കറികൾ കഴിച്ചിരുന്നു. അപ്പോൾ ലോകർ ഭയക്കുകയായിരുന്നു താങ്കൾ നൃത്തം ചെയ്യുകയായിരുന്നു. അപ്പോൾ പ്രായോഗികമായി കണ്ടു ബ്രഹ്മാബാബ, ദാദ രണ്ടു പേരും ഛത്രഛായയായി എത്ര സുരക്ഷയുമായി സ്ഥാപനയുടെ കാര്യം ചെയ്തു. ഇവർക്ക് അനുഭവമുള്ളപ്പോൾ എന്താ താങ്കൾക്ക് അനുഭവം ചെയ്യാൻ കഴിയില്ലേ. ആദ്യം താങ്കൾ. എന്ത് ആഗ്രഹിക്കുന്നുവോ എത്ര ആഗ്രഹിക്കുന്നുവോ ഈ ഡയമണ്ട് വർഷത്തിൽ ഛത്രഛായയുടെയും ബ്രഹ്മാബാബയുടെ സ്നേഹത്തിന്റെയും പ്രാക്ടിക്കൽ അനുഭവം ചെയ്യാനാവും. ഇത് ഈ വർഷത്തെ വരദാനം അതായത് സഹജ പ്രാപ്തിയാണ്. കൂടുതൽ പുരുഷാർഥം ചെയ്യേണ്ടിവരില്ല. പുരുഷാർത്ഥത്തിൽ ക്ഷീണിക്കുമല്ലോ. ആരെങ്കിലും പുരുഷാർഥം ചെയ്ത് ക്ഷീണിക്കുമ്പോൾ ആ സമയം ബാപ്ദാദ അവരുടെ മുഖം നോക്കുന്നു, വളരെ ദയയും വരുന്നു. ഇപ്പോൾ എന്തു ചെയ്യും? എന്താകും? മാലാഖ. മാലാഖാരൂപത്തിൽ നടക്കുക, ചുറ്റുക– ഇതാണ് ഡയമണ്ടാകുക. എന്തെന്നാൽ ഏതാണോ വളരെ വിലയേറിയ മൂല്യമുള്ള കറയറ്റ ഡയമണ്ട് ആകുന്നത് അതിന്റെ ലക്ഷണമെന്തായിരിക്കും? അത് പ്രകാശത്തിനു മുന്നിൽ വെച്ചാൽ തിളങ്ങും, തിളങ്ങുമ്പോൾ അതിൽ നിന്ന് പുറപ്പെടുന്ന കിരണങ്ങളിൽ പല പല നിറങ്ങൾ കാണപ്പെടുന്നു. അപ്പോൾ താങ്കൾ യഥാർഥ ഡയമണ്ട് ആകുമ്പോൾ , മാലാഖ ആകുമ്പോൾ താങ്കളുടെ മാലാഖാസ്വരൂപത്തിൽ നിന്നും ഈ അഷ്ടശക്തികൾ കാണപ്പെടും. ആ നിറം കിരണങ്ങളുടെ രൂപത്തിൽ കാണുന്നതു പോലെ താങ്കൾ ഡയമണ്ട് അഥവാ മാലാഖാ സ്വരൂപമാകൂ അപ്പോൾ നടക്കുമ്പോഴും കറങ്ങുമ്പോഴും താങ്കളിലൂടെ അഷ്ടശക്തികളുടെ കിരണങ്ങളുടെ അനുഭൂതിയുണ്ടാകും. ചിലർക്ക് താങ്കളിൽ നിന്നും സഹനശക്തിയുടെ ഫീലിംഗ് ഉണ്ടാകും, ചിലർക്ക് താങ്കളിൽ നിന്നും നിർണയം ചെയ്യുന്ന ശക്തിയുടെ ഫീലിംഗ് ഉണ്ടാകും. ആർക്കൊക്കെയോ എന്തെന്തൊക്കെയോ ശക്തികളുടെ ഫീലിംഗ് വരും. താങ്കൾ എത്ര അധികം അഭ്യാസം ചെയ്യുന്നുവോ, ഇപ്പോൾ നാളെ മുതൽ പുതിയ വർഷവും ആരംഭിക്കും ഡയമണ്ട് ജൂബിലിയും തുടങ്ങും, അപ്പോൾ നാളെ മുതൽ അതായത് ആദ്യ മാസം ജനുവരി – ആ ഒരു മാസത്തിൽ താങ്കൾ മാലാഖാരൂപത്തിൽ അഭ്യാസം ചെയ്യും, അടുത്ത മാസം വരും അതിൽ താങ്കളുടെ അഭ്യാസം ഇനിയും വർധിക്കും, മൂന്നാമത്തെ മാസത്തിൽ ഒന്നുകൂടി വർധിക്കും, എത്രത്തോളം എത്രത്തോളം വർധിക്കുന്നു അത്രത്തോളം താങ്കളിൽ നിന്നു മറ്റുള്ളവർക്ക് അനുഭവവും ഉണ്ടാകും. മനസിലായോ? അപ്പോൾ ഇതാണ് ബ്രഹ്മാബാബയ്ക്കുള്ള ഗിഫ്റ്റ്. എല്ലാവരും നൽകുമോ അതോ ചില ചിലർ നൽകുമോ?

ശരി, മധുബൻകാരും ഗിഫ്റ്റ് നൽകില്ലേ! മധുബൻകാർ ഹാംജിയിൽ സമർഥരാണ്. (ജ്ഞാൻസരോവറിലും മുരളി കേൾക്കുന്നു) ജ്ഞാൻസരോവർകാർ മാലാഖയായി മാറും. ഈ ട്രാൻസ്ലൈറ്റ് ചെയ്യുന്നവർ, മൈക്കുകാർ, ലൈറ്റുകാർ എല്ലാവർക്കും ഡബിൾലൈറ്റ് മാലാഖയാകണം. ബുദ്ധിമുട്ടു തോന്നുന്നില്ലല്ലോ? 63 ജന്മം ഈ ശരീരത്തോടായിരുന്നു സ്നേഹം അപ്പോൾ ബുദ്ധിമുട്ടുണ്ടാവില്ലേ? ആര് ദൃഢനിശ്ചയം ചെയ്യുന്നുവോ അപ്പോൾ നിശ്ചയത്തിന്റെ വിജയം ഒരിക്കലും ഇളകില്ല. പഞ്ച തത്വങ്ങളും അല്ലെങ്കിൽ ആത്മാക്കൾ എത്ര തന്നെ എതിരിട്ടാലും, അവർ എതിരിടും താങ്കൾ ഉള്ളിലൊതുക്കാനുള്ള ശക്തിയിലൂടെ ആ നേരിടലിനെയും ഉള്ളിലൊതുക്കും എന്തെന്നാൽ ഇളകാത്ത നിശ്ചയമുണ്ട്. ഈ സ്ഥാപനയുടെ കടന്നുപോയ 60 വർഷത്തിലും ആദിയിലെ അത്ഭുതം ബ്രഹ്മാബാബയുടെയും അനന്യ കുട്ടികളുടെയുമായിരുന്നു. ഒരിക്കലും നിശ്ചയത്തിൽ ഇളക്കം സംഭവിച്ചില്ല. വിജയം നടന്നതുതന്നെയാണ്, ഇതായിരുന്നു എപ്പോഴും ബ്രഹ്മാബാബ പറഞ്ഞത്.

അപ്പോൾ ഇന്നു വിശേഷിച്ച് ബ്രഹ്മാബാബ എല്ലാ കുട്ടികൾക്കും വിശേഷ ആശംസയും വളരെ വളരെ സ്നേഹവും നൽകി. എത്ര തന്നെയുണ്ടായാലും നാലു ലക്ഷമായാലും, 14 ലക്ഷമായാലും ബ്രഹ്മാബാബയുടെ ഭുജങ്ങൾ ഇത്രയും വലുതാണ്– 14 ലക്ഷത്തെയും ഒരുമിച്ച് ഭുജങ്ങളിൽ ചേർക്കാനാവും. അതിനാൽ പരമാത്മാവിന് ഭക്തിമാർഗത്തിൽ കാണിക്കുന്ന വിരാടരൂപത്തിൽ എല്ലാവരും അടങ്ങിരിക്കുന്നു.

എല്ലാവരും ബ്രഹ്മാബാബയുടെ ഭുജങ്ങളിൽ അടങ്ങിയിരിക്കുന്നു, എന്തും സംഭവിച്ചോട്ടെ. കൊച്ചുകുട്ടി ചെയ്യുന്ന പോലെ അഥവാ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ എന്തെങ്കിലും സംഭവിച്ചാൽ അമ്മയുടെയോ അച്ഛന്റെയോ കൈകളിൽ ചേരുന്നു. ഇങ്ങനെ ഉണ്ടാകാറില്ലേ! അപ്പോൾ താങ്കളും ഇങ്ങനെ ചെയ്യൂ. കുട്ടികളല്ലേ അതോ ഇപ്പോൾ വലുതായിപ്പോയോ? 100 വയസുള്ളവനും അച്ഛന്റെ മുമ്പിൽ കൊച്ചുകുട്ടിയാണ്. അപ്പോൾ താങ്കൾക്കും എന്തുണ്ടായാലും ബ്രഹ്മാബാബയുടെ കൈകളിലേക്ക് പൊയ്ക്കോളൂ, അത്ര തന്നെ. ഇത് എളുപ്പമല്ലേ? ശരി.

നാനാഭാഗത്തും തിളങ്ങുന്ന സത്യമായ രത്നങ്ങൾക്ക്, സദാ നിശ്ചയത്തിലൂടെയും ദൃഢസങ്കൽപത്തിലൂടെയും സ്വയത്തെ സത്യമായ രത്നമാക്കി മറ്റുള്ളവരെ ആക്കിത്തീർക്കുന്ന, സദാ ബാപ്ദാദയ്ക്കു സമാനം ഡബിൾലൈറ്റ് മാലാഖാസ്വരൂപത്തിൽ സ്ഥിതി ചെയ്യുന്ന ശ്രേഷ്ഠആത്മാക്കൾക്ക്, സദാ ബാബയും സേവനവും രണ്ടിലും ബിസിയായിരിക്കുന്ന മായാജീത്തും വിശ്വ-രാജ്യ-ഭാഗ്യജീത്തും, ഇങ്ങനെയുള്ള സംഗമയുഗീ രത്നങ്ങൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണ, നമസ്തേ.

## വരദാനം: സദാ സുരക്ഷയുടെ സ്ഥാനത്തിരുന്ന് നിർഭയവും നിശ്ചിന്തവുമായി കഴിയുന്ന ബാപ്ദാദയുടെ ഹൃദയസിംഹാസനധാരിയായി ഭവിക്കട്ടെ

ബാപ്ദാദയുടെ ഹൃദയസിംഹാസനം സർവശ്രേഷ്ഠസ്ഥാനമാണ്. ആര് സദാ ബാബയുടെ ഹൃദയസിംഹാസനധാരിയായി കഴിയുന്നുവോ അവരാണ് സുരക്ഷിതരായിരിക്കുക. അവരുടെ അടുക്കൽ മായയ്ക്ക വരാനാവില്ല. ഇങ്ങനെയുള്ള ഹൃദയസിംഹാസനധാരി ആത്മാവ് നിർഭയമാണ്, നിശ്ചിന്തമാണ്- ഇതു നിശ്ചിതമാണ്, ഉറപ്പുള്ളതാണ്. അപ്പോൾ ഹൃദയസിംഹാസനത്തിൽ ഇരിക്കൂ. ഇതേ ലഹരിയിൽ കഴിയൂ- ഇപ്പോൾ ഞാൻ ബാപ്ദാദയുടെ ഹൃദയസിംഹാസനധാരിയാണ്, അനേക ജന്മം രാജ്യസിംഹാസനധാരിയാകും. ഈ ആത്മീയലഹരിയിൽ കഴിയുന്നതിലൂടെ ദു:ഖത്തിന്റെ അല വരികയില്ല.

## സ്ലോഗൻ: ബുദ്ധിയിൽ ഒരു തരത്തിലുമുള്ള ഭാരമുണ്ടാകരുത് അപ്പോൾ പറയാം ഡബിൾലൈറ്റ് മാലാഖ

ഈ മാസത്തെ എല്ലാ മുരളികളും (ഈശ്വരീയമഹാവാക്യങ്ങൾ) നിരാകാര ശിവ പരമാത്മാ ബ്രഹ്മാമുഖ കമലത്തിലൂടെ തന്റെ ബ്രഹ്മാവത്സർ അതായത് ബ്രഹ്മാകുമാരിമാരുടെയും ബ്രഹ്മാകുമാരന്മാരുടെയും സന്മുഖത്ത് 18/01/1969 നു മുമ്പ് ഉച്ചരിച്ചവയാണ്. ഇത് കേവലം ബ്രഹ്മാകുമാരിസ് അധികൃത ടീച്ചർ സഹോദരിമാരിമാരിലൂടെ നിയമിത ബികെ വിദ്യാർഥികൾക്കു കേൾപ്പിക്കാനുള്ളവയാണ്.